
2

26 ജൂൺ, 2014



# ജ്ഞാനാഞ്ജലി




## മുക്തിയും ജീവൻമുക്തിയും

*അവ്യക്ത ബാപ്ദാദ*

നിർവ്വാണത്തിൽ അഥവാ മുക്തിധാമത്തിൽ പോകുന്നതിനുള്ള ഇച്ഛ അനേകം ആത്മാക്കൾക്ക് വളരെക്കാലമായി നിലനിൽക്കുകയാണ്. ആ എല്ലാ ആത്മാക്കളുടെയും വളരെ സമയമായി അവശേഷിക്കുന്ന ആഗ്രഹം നിറവേറ്റുന്നതിനു നിമിത്തം ബ്രാഹ്മണരായ താങ്കളാണ്. എന്നാൽ ഇങ്ങനെയുള്ള സ്ഥിതി ഉണ്ടാക്കാത്തതുവരെയും ഈ കർത്തവ്യം എങ്ങനെ ചെയ്യും? മുക്തിയും ജീവൻ മുക്തിയും പ്രാപ്തമാക്കുന്നതിന് തനിക്കുള്ള ആഗ്രഹം തന്നെ നിറവേറ്റാതിരിക്കുന്നുവെങ്കിൽ മറ്റുള്ളവരുടേത് എങ്ങനെ നിറവേറ്റുവാനാണ്? മുക്തിയുടെയും ജീവൻ മുക്തിയുടെയും വാസ്തവിക അർത്ഥം എന്താണോ, അത് മുക്തിയിലും ജീവൻമുക്തിധാമത്തിലുമാണോ അനുഭവിക്കുക? മുക്തിയിലാകട്ടെ, അനുഭവങ്ങൾക്കും ഉപരിയായിരിക്കും. ജീവന്മുക്തിലാണെങ്കിൽ ജീവൻബന്ധനം എന്താണെന്ന അവിദ്യയുള്ളതുകാരണം ജീവൻമുക്തിയിലാണ് എന്ന് എന്ത് അനുഭവിക്കുവാനാണ്? ബാബയിലൂടെ മുക്തിയുടെയും ജീവൻമുക്തിയുടെയും സമ്പത്ത് പ്രാപ്തമാകു ന്നതിന്റെ അനുഭവം ഇപ്പോൾതന്നെയല്ലേ ചെയ്യുവാൻ കഴിയുന്നത്. നിർവ്വാണ അവസ്ഥ അഥവാ മുക്തിയുടെ സ്ഥിതി ഇപ്പോൾ അറിയുവാൻ കഴിയും. അതിനാൽ മുക്തിയുടെയും ജീവൻമുക്തിയുടെയും അനുഭവം ഇപ്പോൾ ചെയ്യണം. സ്വയം മുക്തിയുടെയും ജീവൻമുക്തി യുടെയും അനുഭവിയാകുമ്പോൾ അന്യ ആത്മാക്കൾക്കും മുക്തിയിലേയ്ക്ക് അതായത് തന്റെ വീട്ടിലേയ്ക്കും, തന്റെ രാജ്യത്തിലേയ്ക്ക് അതായത് സ്വർഗ്ഗത്തിലേയ്ക്കും പോകുന്നതിനുള്ള പാസ് നൽകുവാൻ കഴിയും.

ഏതെങ്കിലും പരിപാടികൾ വയ്ക്കുമ്പോഴോ പ്രഭാഷണങ്ങൾ നടത്തുമ്പോഴോ, ആരെയെങ്കിലും മനസ്സിലാക്കിക്കുമ്പോഴോ മുഖ്യമായി ഏത് കാര്യമാണ് കേൾപ്പിക്കുന്നത്? മുക്തി-ജീവൻമുക്തി താങ്കളുടെ ജന്മസിദ്ധ അധികാരമാണ്, താങ്കളുടെ ജന്മസിദ്ധ അധികാരം എന്താണൊ, അത് പ്രാപ്തമാക്കൂ എന്നാണ്. പിന്നെ പറയുന്നു, ഇപ്പോഴില്ലെങ്കിൽ ഒരിക്കലുമില്ല എന്ന്. ഈ മുഖ്യ സ്ലോഗൻ താങ്കൾ പ്രാപ്തമാക്കിയോ? കുട്ടിയായി അധികാരം നേടിയില്ലേ. യോഗ്യമാകുന്നത് വേറേ കാര്യം, എന്നാൽ മുക്തിയുടെയും ജീവൻമുക്തിയുടെയും സമ്പത്ത് ലഭിച്ചുവോ അതോ ഇല്ലയോ? സമ്പത്തിന്റെ അധികാരിയായി. ആ സമ്പത്ത് ജീവിതത്തിൽ ധാരണ ചെയ്ത് ലാഭമെടുക്കുക എന്നത് ഓരോരുത്തരുടെയും അവസ്ഥയിന്മേലാണ്. സമ്പത്ത് നൽകുന്നതിൽ ബാബ ഒരു വ്യത്യാസവും കാണിക്കുന്നില്ല. യോഗ്യരും അയോഗ്യരും ആകുന്നതിലാണ് വ്യത്യാസം വരുന്നത്.

സദാ മുക്തമായിരിക്കണം. ദേഹത്തിൽ നിന്നും, ദേഹത്തിന്റെ സംബന്ധത്തിൽ നിന്നും മുക്തം, പഴയ ലോകത്തിന്റെ സ്മൃതിയിൽ നിന്നും മുക്തം. മുക്തമായില്ലേ? മുക്തിയുടെ അവസ്ഥ അനുഭവിക്കുന്നുവെങ്കിൽ, മുക്തമായ ശേഷം ജീവൻമുക്തിയുടെ അനുഭവം സ്വതവേ ഉണ്ടാകുന്നു. കാരണം ജീവിതത്തിൽതന്നെയാണ്. ശരീരധാരികളല്ലേ. ജീവിതത്തിലിരിക്കെ ദേഹത്തിന്റെയും ദേഹത്തിന്റെ സംബന്ധത്തിന്റെയും പഴയ ലോകത്തിന്റെയും ആകർഷണത്തിൽ നിന്നും മുക്തം. ഇതിനെയാണ് ജീവൻമുക്ത അവസ്ഥ എന്ന് പറയുന്നത്. അതിനാൽ മുക്തിയുടെയും ജീവൻമുക്തിയുടെയും അനുഭവം ഇപ്പോൾത്തന്നെ ചെയ്യണം, ഭാവിയിലല്ല. ഭാവിയിൽ ഇവിടെയുള്ളതിന്റെ പ്രാപ്തി ലഭിച്ചുകൊണ്ടിരിക്കും. എന്നാൽ പ്രാപ്തിയുടെ അനുഭവം ഇപ്പോഴാണ് ഉണ്ടാകുന്നത്. ഭാവിയിലുള്ളതിനെ അറിയാം. അത് ശ്രേഷ്ഠ കർമ്മങ്ങളുടെ പ്രാപ്തിയാണ്. എന്നാൽ ശ്രേഷ്ഠകർമ്മം ഉണ്ടാകുന്നത് ഇപ്പോഴാണ്.

> പുരുഷാർത്ഥം എന്ത് ചെയ്തുവോ, അത് ഒരിക്കലും വ്യർത്ഥമായിപ്പോവുകയില്ല. യഥാർത്ഥ രീതിയിൽ പുരുഷാർത്ഥം ചെയ്തുവെങ്കിൽ അതിന്റെ സഫലത ഇപ്പോഴല്ലെങ്കിൽ ഇനിയൊരിക്കൽ തീർച്ചയായും ലഭിക്കും. അസഫലതയുടെ രൂപം കാണവെ, ഇത് പരീക്ഷയാണ്, ഇതിനെ മറികടക്കുമ്പോൾ പരിപക്വത വന്നുചേരുന്നു എന്ന് മനസ്സിലാക്കണം. അത് അസഫലതയല്ല, പുരുഷാർത്ഥത്തിന്റെ അടിസ്ഥാനത്തെ കൂടുതൽ ഉറപ്പിക്കുന്നതിനുള്ള ഉപാധിയാണ്. കൊടുങ്കാറ്റിനെ കൊടുങ്കാറ്റായല്ല, ഉപഹാരമായി മനസ്സിലാക്കൂ.
>
> *അവ്യക്ത ബാപ്ദാദ*



# മഹാരഥികളുടെ മഹാവാക്യങ്ങൾ



## ദാദി പ്രകാശ്മണി

സമ്പന്നമാകുന്നതിന് നമുക്ക് കർമ്മ-വികർമ്മ-അകർമ്മ ങ്ങളുടെ ഗുഹ്യഗതിയുടെ മേൽ പ്രത്യേക ശ്രദ്ധ വേണം. വികർമ്മമെന്നല്ല കർമ്മത്തിന്റെ കണക്കുകൾ തന്നെ ഉണ്ടാകരുത്. ഉണ്ടായ കർമ്മത്തിന്റെ കണക്കുകൾ ഭസ്മമാക്കണം, അകർമ്മിയാകണം. അപ്പോൾ മാത്രമേ സത്യമായ ജീവൻമുക്തിയുടെ അനുഭവം ഉണ്ടാകുകയുള്ളൂ, ഞാൻ ആരാണ്, എന്താണ് എന്ന ലഹരി നിലനിൽക്കു കയുള്ളൂ. നമ്മൾ സമ്പന്നമാകുകയെന്നാൽ ബാബയ്ക്ക് സമാനമാകുക, കർമ്മാതീതമാകുക എന്നാണ്. കർമ്മാതീത മായിക്കൊണ്ടിരിക്കുകയാണോ അതോ സൂക്ഷ്മമായി മറ്റേതെങ്കിലും കർമ്മത്തിന്റെ കണക്കുകൾ ഉണ്ടാകുകയാ ണോ? വ്യർത്ഥസങ്കല്പങ്ങൾ കർമ്മാതീതമാകുവാൻ അനുവദി ക്കുകയില്ല. മറിച്ച്, സമയവും, സങ്കല്പവും, ശ്വാസവും, ശക്തി പാഴാകുന്നു. പലപ്പോഴും വ്യർത്ഥസങ്കല്പങ്ങളുടെ മേൽ അത്രയും ശ്രദ്ധ കൊടുക്കുന്നില്ല. വെറുതേ തന്റെ ശക്തികൾ നഷ്ടമാക്കുന്നു. അതിനാൽ തന്നെക്കുറിച്ചോ അന്യരെക്കു റിച്ചോ ഒരു പ്രകാരത്തിലുമുള്ള വ്യർത്ഥ സങ്കല്പങ്ങൾ എന്റെ ദിനചര്യയിൽ ഉണ്ടാകരുത്, അതിൽ ശ്രദ്ധിക്കണം. നമ്മൾ വന്നിരിക്കുന്നത് നമ്മുടെ ഗതിയും-സദ്ഗതിയുമു ണ്ടാക്കുവാനായിരിക്കെ, എന്തിന് മറ്റുള്ളവരുടെ പിന്നാലെ സമയം പാഴാക്കണം. അതിനാൽ ശ്വാസവും, സമയവും, സങ്കല്പവും, പാഴാക്കാതിരിക്കൂ. ബാബ നമുക്ക് നൽകിയ ടൈറ്റിൽ "സർവ്വരുടെയും ശുഭചിന്തകൻ" എന്നാണ്. അതിനാൽ എല്ലാവരോടും ശുഭ ഭാവനവയ്ക്കൂ, ശുഭം ചിന്തിക്കൂ, മംഗളഭാവനവയ്ക്കൂ.

## ദാദി ഹൃദയമോഹിനി

ബാബ നമ്മെ സ്വരാജ്യാധികാരികളാക്കിയിരിക്കുന്നു. സ്വരാജ്യമില്ലെങ്കിൽ വിശ്വരാജ്യവുമില്ല. സ്വരാജ്യമെന്നാൽ സ്വാത്മാവിന് ഈ കർമ്മേന്ദ്രിയങ്ങളുടെ മേൽ രാജ്യം. അപ്പോൾ പ്രജകളുടെ മേലും രാജ്യം ഭരിക്കുവാനാകും. അതിനാൽ താങ്കളുടെ വിശേഷ സൂക്ഷ്മ-സ്ഥൂല ഇന്ദ്രിയങ്ങൾ താങ്കളുടെ നിയന്ത്രണത്തിലാണോ എന്ന് നോക്കൂ. നിയന്ത്രണത്തിലായിട്ടില്ലെങ്കിൽ തപസ്യ ചെയ്യുവാ നാകുമോ. സ്വയംതന്റെ മേൽ അധികാരമില്ലെങ്കിൽ അവക്ക് വിശ്വത്തിന്റെ മേൽ അധികാരമെങ്ങനെയുണ്ടാകും? അതിനാൽ ബാബ പറയുന്നു, ഞാൻ ഈ ദർപ്പണം താങ്കൾക്ക് നൽകിയിരിക്കുകയാണ്, അതിൽ സ്വയം നോക്കൂ, ഏറ്റവും കുറഞ്ഞത്, കർമ്മേന്ദ്രിയങ്ങളെ ജയിക്കുക യെങ്കിലും ചെയ്യൂ. വിശ്വത്തെ വിട്ടേയ്ക്കൂ, സ്വയം നിയന്ത്രണ ത്തിൽ കൊണ്ടു വരൂ. തപസ്യാസ്വരൂപം പ്രത്യക്ഷമാകുന്നത് താങ്കൾക്ക് കർമ്മേന്ദ്രിയങ്ങളുടെ മേൽ നിയന്ത്രണം വരുമ്പോഴാണ്. നിയന്ത്രണം വരുന്നത് ആത്മസ്വരൂപത്തിൽ സ്ഥിതി ചെയ്യുമ്പോഴാണ്. ആദ്യം അധികാരിയായി അധികാരാവസ്ഥയിൽ സ്ഥിതി ചെയ്യൂ. അതിനാൽ തപസ്യാസ്വരൂപമാകണം, തപസ്യ ചെയ്യുന്നവരല്ല. തപസ്യയെന്നാൽ ആത്മസ്വരൂപത്തിൽ സ്ഥിതി ചെയ്യുക. ദേഹീയഭിമാനി സ്മൃതിയുടേതാണ് ആസനം. ഞാൻ ആത്മാവാണ്, അശരീരിയാണ്, ഞാൻ ദേഹമല്ല, ദേഹിയാണ്- ഈ സ്മൃതിയുടെ സീറ്റിലിരിക്കൂ. ബ്യക്കുടിയും ഒരു ആസനമാണ്. ഈ ആസനത്തിലാണ് ആത്മാവ് ഇരിക്കുന്നത്. അതിലിരിക്കൂ, ആത്മാവാണ് ഞാൻ, ആത്മാവിനെയാണ് നോക്കുന്നത്, ആത്മാവ് ആത്മാവി നോട് സംസാരിക്കുകയാണ് - ഈ പാഠം തീർത്തും ഉറപ്പിക്കൂ. ഇതാണ് തപസ്യ. ഈ തപസ്യ ചെയ്തിട്ടില്ലെങ്കിൽ ഒന്നുംതന്നെ ചെയ്തിട്ടില്ല എന്ന് പറയാം. തപസ്യാസ്വരൂ പമാകൂ, അതായത് താങ്കളുടെ ചലനത്തിലൂടെയും ദൃഷ്ടിയിലൂടെയും ആ ഫീലിംഗ് വരണം, അനുഭവം വരണം- ഇവർ ആത്മരൂപത്തിലാണ് നോക്കുന്നത്, ആത്മരൂപത്തിലാണ് സംസാരിക്കുന്നത്, ആത്മവൃത്തി യിലാണ് സ്ഥിതി ചെയ്യുന്നത് എന്ന്. ശുഭഭാവനയുടെയും ശുഭ കാമനയുടെയും അനുഭവം മറ്റുള്ളവർക്ക് ഉണ്ടാകണം. ആത്മീയ ദൃഷ്ടിയിൽ വളരെ ശക്തിയുണ്ട്. അതിനാലാണ് ബാബ എനിക്ക് വ്യക്തിപരമായി ദൃഷ്ടി തരണം, ദാദി എനിക്ക് ദൃഷ്ടി തരണം എന്ന് താങ്കൾക്ക് ഇച്ഛയുണ്ടാ യിരിക്കുന്നത്. താങ്കളുടെ ദൃഷ്ടിയും, വൃത്തിയും, സ്മൃതിയും, കൃതിയും ആത്മാഭിമാനത്തിന്റേതാകണം. അപ്പോൾ താങ്കളുടെ തപസ്യാസ്വരൂപം പ്രത്യക്ഷമാകും. ബാബ ആഗ്രഹിക്കുന്നത്, എന്റെ ഈ കുട്ടികൾ വിശ്വത്തിൽ ആത്മീയ അന്തരീക്ഷം പരത്തട്ടെ എന്നാണ്. ലോകത്തിലെ വഴക്കുകളും അശാന്തിയുമെല്ലാം ദേഹബോധം കാരണ മാണ്. തപസ്വീസ്വരൂപം നിരന്തരമാകണം. ഇതാണ് തപസ്യ. ഈ ലക്ഷ്യമെടുത്തുകൊണ്ട് താങ്കൾ തപസ്യയെ അവിനാ ശിയാക്കി മാറ്റണം.

## ദാദി ജാനകി

നമ്മുടെ മനസാകുന്ന കുതിരയുടെ കടിഞ്ഞാൺ വളരെ സ്നേഹത്തോടെ തന്റെ കൈകളിൽ വയ്ക്കണം. "ഇങ്ങനെ എന്തിന് ചെയ്യുന്നു, ശരിയായി എന്തുകൊണ്ട് ഓടുന്നില്ല" എന്ന് ചാട്ടകൊണ്ട് അടിക്കുക മാത്രം ചെയ്തുകൊ ണ്ടിരിക്കരുത്. അതിലൂടെ കൂടുതൽ ശാഠ്യം പിടിക്കുകയും ശല്യം ചെയ്യുകയും ചെയ്യും. ഇക്കാലത്ത് ശകാരത്തിലൂടെ ആരും നേരേയാകുന്നില്ല. നന്നായി നടക്കുന്നില്ല. കൂടുതൽ വിഷമിപ്പിക്കും. അതിനാൽ സ്വയം തന്റെ പ്രൗഢിയി ലിരിക്കണം. സ്വമാനത്തിലിരുന്ന് മനോ-ബുദ്ധികളെ ആജ്ഞയിൽ വയ്ക്കണം. തന്നെ നടത്തിക്കുവാൻ ആർക്ക് അറിയില്ലയോ, അവർക്ക് മറ്റുള്ളവരുടെ ബന്ധത്തിലിരു ന്നുകൊണ്ട് അവരോടൊപ്പം നടക്കുവാനും അറിയില്ല. ജ്ഞാനത്തിൽ നമ്മൾ എത്ര മുന്നോട്ട് പോകുന്നുവോ, സേവനാർത്ഥമാണ്. ഈശ്വരീയ പരിവാരത്തോടാകട്ടെ, നമ്മൾ ശിവശക്തി പാണ്ഡവ സേനയാണ്- അതിനോ ടാകട്ടെ, നമുക്ക് അന്യോന്യം വളരെ വലിയ ബന്ധമാണ്. അതിൽ സഫലതയുണ്ടായിരിക്കുന്നത് ആത്മീയതയും ഈശ്വരീയ സ്നേഹവും, സത്യതയും ഉണ്ടായിരിക്കു മ്പോഴാണ്. ഈശ്വരീയ സ്നേഹം വരുന്നതിലൂടെ അതിൽ സഫലതയും ലഭിക്കുന്നു. ബുദ്ധിയിൽ എല്ലാ സമയവും ബാബയുടെ കാര്യങ്ങൾ ഓർമ്മയിരിക്കുമെങ്കിൽ നമ്മുടെ ജയം നിശ്ചിതമാണ്. മുന്നിൽ എങ്ങനെയുള്ള കാര്യവും വന്നുകൊള്ളട്ടെ, ചെറുതോ വലുതോ ആകട്ടെ, എന്നാൽ വലിയ കാര്യത്തെയും ചെറുതാക്കി മാറ്റണം. കാരണം, ചിലപ്പോൾ ചെറിയ കാര്യവും വലുതായി മാറും. ചെറുതിനെയും ഉള്ളിൽ നിന്നും വേരോടെ ഇല്ലാതാക്കണം. ഇത് ചെറിയ കാര്യമല്ലേ എന്ന് പറഞ്ഞ്, വിട്ടുകളയുന്ന വെങ്കിൽ, വീണ്ടും വീണ്ടും അത് വന്നുകൊണ്ടിരിക്കും. അത് വലിയ രൂപമെടുക്കും. ഇതിൽ സൂക്ഷിച്ചിരിക്കണം. ഏത്

കാര്യം മുന്നിൽ വന്നാലും ഭയപ്പെടരുത്. വന്നത് വിടവാങ്ങുവാനാണ്. ഇതിന് സ്നേഹപൂർവ്വം വിട നൽകൂ. അല്പം വികാരാധീനമാകുകയോ, ദേഷ്യപ്പെടുകയോ ചെയ്യുകയാണെങ്കിൽ അത് വലിയ രൂപം ധാരണ ചെയ്യും. മായയ്ക്ക് രണ്ട് രൂപങ്ങളുണ്ട്. ഒന്ന് - ഭയപ്പെടുത്തുന്ന രൂപം. രണ്ടാമതായി, ആകർഷിക്കുന്ന രൂപം, ചഞ്ചലമാക്കുന്നത്. അതിനാൽ ബാബ പറയുന്നു, നിർഭയരായിരിക്കൂ. മായ എങ്ങനെയുള്ള ഭയങ്കരരൂപം ധരിച്ചാലും നമ്മുടെ കൂടെ സർവ്വശക്തിവാനായ ബാബയുണ്ട്. അപ്പോൾ വലിയ കാര്യമാണോ. നമ്മൾ ദേഹത്തിൽ നിന്നും വേറിട്ടവരുമാണ്, ബാബയ്ക്ക് പ്രിയപ്പെട്ടവരുമാണ്. ആർക്ക് ബാബയെ ലഭിച്ചുവോ, അവർക്ക് എല്ലാം ലഭിച്ചു. ഉള്ളിൽ സദാ സന്തോഷമാണ്, തൃപ്തമാണ്, സന്തുഷ്ടമാണ്. നമ്മുടെ കണ്ണുകളിൽ ആരോടെങ്കിലും വെറുപ്പുണ്ടെങ്കിൽ, അവർ എത്രതന്നെ സേവനയോഗ്യരാണെന്നോ സേവനം ചെയ്യുന്നവെന്നോ മനസ്സിലാക്കിയാലും, ബാബയുടെ സത്പുത്രരും, സേവനയോഗ്യരുമായ കുട്ടികളായി കണക്കാക്കപ്പെടുകയില്ല. ആരോടും സൂക്ഷ്മമായ വെറുപ്പിന്റെ നോട്ടം പോലും വളരെ നഷ്ടം വരുത്തുന്ന ഒന്നാണ്. വെറുപ്പിന്റെ ദൃഷ്ടി ബാബയോടും ചിലപ്പോൾ വെറുപ്പ് കൊണ്ടു വരും. ഈ വെറുപ്പ് വളരെ അപകടകാരിയാണ്. "ഇവർ എന്താണ് ചെയ്യുന്നത് എന്ന് കണ്ടോ, ഇവർ ഇങ്ങനെചെയ്യുവാൻ പാടില്ല" എന്ന് മുഴുവൻ ദിവസവും മറ്റുള്ളവരെ കേൾപ്പിച്ചുകൊണ്ടിരിക്കും. ഇങ്ങനെയുള്ള ബുദ്ധി ഒരിക്കലും സ്വയം ശാന്തചിത്തരോ, ശീതള സ്വഭാവമുള്ളവരോ, നമ്രചിത്തരോ ആകുവാൻ അനുവദിക്കുകയില്ല. അത് സദാ സുഖമനുഭവിക്കുന്നവരാകാനോ, മറ്റുള്ളവർക്ക് സുഖം നൽകാനോ അനുവദിക്കില്ല. വിവേകമുള്ളവർ ഒരിക്കലും ആരോടും വെറുപ്പോ വിദ്വേഷമോ വയ്ക്കുകയില്ല. സൂക്ഷ്മമായ വെറുപ്പ് സത്യമായ ഈശ്വരീയ സ്നേഹം അനുഭവിക്കുവാൻ അനുവദിക്കുകയില്ല. നന്നായി പഠിക്കുവാനോ ബാബയുടെ സ്നേഹത്തെ ആകർഷിക്കുവാനോ കഴിയുകയില്ല. ശ്രീമത് സദാ തന്റെ ശിരസ്സിൽ വയ്ക്കുന്നവർ ബാബയുടെ സ്നേഹത്തെ ആകർഷിക്കുന്നു. ഒരു കുഞ്ഞിനെപ്പോലെ ബാബാ ബാബാ എന്ന് പറയുക മാത്രം ചെയ്തുകൊണ്ടിരിക്കുന്നവർക്ക് ബാബയിൽ നിന്നും എന്ത് ലഭിക്കുവാനാണ്! എലി ഊതി കടിക്കുമ്പോൾ അറിയാത്തതു പോലെയാണ് പലരിലും വെറുപ്പിന്റെ അവഗുണം. വെറുപ്പിന്റെ ദൃഷ്ടി ആത്മീയതയിലിരിക്കുവാൻ അനുവദിക്കുകയില്ല. നമുക്ക് ശക്തി തരുന്ന ബാബയുടെ ഈശ്വരീയ സ്നേഹത്തെ ആകർഷിക്കുവാൻ കഴിയില്ല. ബാബയ്ക്ക് നമ്മളിലുള്ള ഇച്ഛയെന്താണ്? കുട്ടികളിൽ ഒരു അവഗുണവും ഉണ്ടായിരിക്കരുത് എന്നാണ്. അവഗുണങ്ങൾ 5 വികാരങ്ങളുടെ സന്താനങ്ങളാണ്. എനിക്ക് ക്രോധമില്ല, ലോഭമില്ല, ഇന്ന കാര്യമില്ല, അതില്ല, പക്ഷെ ഈ ചെറിയൊരു അവഗുണമുണ്ട് എന്ന് പറയുകയാണെങ്കിൽ, ഈ അവഗുണം ഉണ്ടായത് എവിടെ നിന്നുമാണ്? എത്രത്തോളം അന്തരാത്മാവ് സ്വയം പരിശോധിക്കുന്നുവോ, പരിവർത്തനപ്പെടുവാനുള്ള താല്പര്യമുണ്ടോ, എങ്കിൽ സമയവും കൂട്ട് തരും.

# അവ്യക്ത സന്ദേശം

26 ജൂൺ, 2014 ശാന്തിവൻ

രുഗ്മിണി ദീദി



ഇന്ന് വതനത്തിൽ ബാബയുടെ അടുത്ത് എത്തിച്ചേർന്നപ്പോൾ, വിശേഷിച്ച് ഭട്ഠിയിൽ വന്ന സഹോദരീ-സഹോദരന്മാരുടെ സ്നേഹസ്മരണകൾ നൽകി. അപ്പോൾ ബാബ വളരെ മധുരമായ ദൃഷ്ടി നൽകി, പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു- കുട്ടീ, ഏത് കുട്ടികളാണ് വന്നിരിക്കുന്നത് എന്ന് അറിയാമോ? യുഗൽജോഡികളാണ് വന്നിരിക്കുന്നത് എന്ന് ഞാൻ പറഞ്ഞു. അപ്പോൾ ബാബ പറഞ്ഞു- ബാബ ഈ കുട്ടികളെ തന്റെ അതേ തരക്കാർ എന്ന ദൃഷ്ടിയിലാണ് നോക്കുന്നത്. ബ്രഹ്മാബാബയിൽ ശിവബാബയുടെ പ്രവേശനം ഉണ്ടായപ്പോൾ ബാബ തന്റെ സർവ്വസ്വവും ത്യാഗം ചെയ്തു. സമർപ്പണ ഭാവവും വിനമ്രഭാവവും തുടക്കം മുതൽതന്നെ ഉണ്ടായിരുന്നു. അതിനാൽ തന്റെ അതേതരക്കാർ എന്ന ദൃഷ്ടിയിലാണ് നോക്കുന്നത്. യുഗൾ ജോഡികൾ, ബാബയ്ക്ക് സമാനം ശ്രീമത് അനുസരിച്ച് നടക്കുന്നവരാണ്, ഗൃഹസ്ഥ പ്രവൃത്തിയിലിരുന്ന് ബാബയുടെ കാര്യത്തിൽ ഫോളോ ചെയ്യുന്നവരാണ്. വിശേഷിച്ച് ഇവിടെ വന്നിരിക്കുന്ന ഓരോ കുട്ടിയെയും ആ ദൃഷ്ടിയിലാണ് നോക്കുന്നത്. സംഗമത്തിൽ കുട്ടികളുടെ മുന്നിൽ ബാബയുടെ സ്വരൂപമുണ്ട്. ബ്രഹ്മാവിന്റെ മുന്നിൽ തന്റെ ഭവിഷ്യ രൂപം സദാ എമർജ് ആയിരുന്നു. അതുപോലെ മധുബനിൽ വച്ച് തന്റെ ഹൃദയത്തിൽ ലക്ഷ്യത്തിന്റെയും സ്വരൂപത്തിന്റെയും മുദ്ര പതിപ്പിച്ചുകൊണ്ട് പോകണം. എല്ലാവരെയും ബാബ സ്നേഹത്തോടെ വതനത്തിൽ എമർജ് ചെയ്തു. സ്നേഹം നിറഞ്ഞ ദൃഷ്ടി നൽകി. ബാബ പറഞ്ഞു- വളരെ ധൈര്യപൂർവ്വം ലോകത്തിനു മുന്നിൽ ഉദാഹരണമായി ജീവിക്കുന്നവരാണ്. പിന്നെ ബാബയ്ക്ക് ഭോഗ് അർപ്പിച്ച്, സ്നേഹസ്മരണകൾ സ്വീകരിച്ചുകൊണ്ട് സാകാര വതനത്തിൽ എത്തിച്ചേർന്നു.

# സംഗമത്തിലെ നാല് സംയുക്ത രൂപങ്ങൾ

അവ്യക്ത ബാപ്ദാദ

1. ആത്മാവിന്റെയും ശരീരത്തിന്റെയും സംയുക്ത രൂപം. ഈ അന്തിമവും അതി അമൂല്യവുമാക്കി മാറ്റുന്ന ശരീരത്തോടൊപ്പം സംയുക്തം. ശ്രേഷ്ഠ ആത്മാവ് ഇതിന്റെ ആധാരത്തിലാണ് അലൗകിക അനുഭവം ചെയ്യുന്നത്.
2. താങ്കളും ബാബയും എന്ന സംയുക്ത രൂപം. ഇത് സഹജമായി ഓർമ്മയുടെയും സേവനത്തിന്റെയും സിദ്ധിസ്വരൂപമാക്കും.
3. ബ്രാഹ്മണ രൂപവും അന്തിമ കർമ്മാതീത ഫരിശ്താ സ്വരൂപവും. ഈ സംയുക്ത സ്വരൂപത്തിന്റെ അനുഭൂതി വിശ്വത്തിനു മുന്നിൽ സാക്ഷാത്കാരമൂർത്തിയാക്കും.
4. ഭാവിയിലെ ചതുർഭുജ സ്വരൂപം. ആത്മാവിൽ ഈ സമയം ലക്ഷ്മിയുടെയും നാരായണന്റെയും സംസ്കാരം നിറയ്ക്കുകയാണ്. ചിലപ്പോൾ ലക്ഷ്മിയാകും, ചിലപ്പോൾ നാരായണനാകും. രാജ്യവും, രാജ്യസ്വരൂപവും ഇതാ വന്നു കഴിഞ്ഞു, ഇതാ ആയിക്കഴിഞ്ഞു എന്ന സങ്കല്പം സ്പഷ്ടവും ശക്തിശാലിയുമാകണം, ഈ സ്പഷ്ടവും സമർത്ഥവുമായ സങ്കല്പത്തിന്റെ എമർജ് രൂപത്തിലൂടെ താങ്കളുടെ രാജ്യം സമീപം വന്നുചേരും.



# വിനാശം

*അവ്യക്ത ബാപ്ദാദ*

അന്തിമ പരീക്ഷ വിനാശത്തിന്റേതാണ്. അതിൽ പാസാകുന്നതിനു വേണ്ടി സഹനശക്തി വേണം. ആ സഹന ശക്തിയുടെ റിസൾട്ട് ഭൂരിഭാഗത്തിന്റേതും കുറവാണ്. അതിനാൽ ഇപ്പോൾ അത് വർദ്ധിപ്പിക്കൂ.

തീവ്രപുരുഷാർത്ഥികൾ ഒരിക്കലും വിനാശത്തിന്റെ തീയതിയെക്കുറിച്ച് ചിന്തിക്കുകയില്ല. വളരെക്കാലമായി സമ്പൂർണ്ണതയുടെ സംസ്കാരം ഉണ്ടെങ്കിലാണ് അന്തിമ ത്തിലും സമ്പൂർണ്ണമാകുവാൻ കഴിയുന്നത്. അന്തിമത്തി ലാണ് ആകുന്നതെങ്കിൽ ബാപ്ദാദയും അന്തിമത്തിൽ അല്പം തരും. ആര് ഇപ്പോൾ ചെയ്യുന്നുവോ, അവരോട് ബാപ്ദാദ സത്യയുഗത്തിന്റെ ആരംഭത്തിൽ വരൂ എന്ന് പറയുന്നു.

ഒരു ഭാഗത്ത് വിനാശത്തിന്റെ ദൃശ്യം മുന്നിൽ വയ്ക്കൂ, മറുഭാഗത്ത് തന്റെ രാജ്യത്തിന്റെ ദൃശ്യം മുന്നിൽ വയ്ക്കൂ. രണ്ടും ഒരുമിച്ച് ബുദ്ധിയിൽ വയ്ക്കൂ. വിനാശവും, സ്ഥാപനവും. അപ്പോൾ ഏതൊരു വിഘ്നത്തെയും സഹജമായി മറികടക്കുവാൻ കഴിയും.

വിനാശത്തിനു മുമ്പേ സ്നേഹത്തോടൊപ്പം സഹയോഗി യാകുമെങ്കിൽ സമ്പത്തിന്റെ അധികാരിയാകും. വിനാശ ത്തിന്റെ സമയത്ത് എല്ലാ ആത്മാക്കളും തിരിച്ചറിയുന്നു, എന്നാൽ സമ്പത്ത് നേടുവാൻ കഴിയില്ല. കാരണം, സഹയോഗിയാകുവാൻ കഴിയില്ല.

ഒരു കണ്ണിൽ മുക്തിയും മറുകണ്ണിൽ ജീവൻമുക്തിയും എന്ന് പറയുന്നു. വിനാശം മുക്തിയുടെയും ഗേറ്റ് ആണ്, ജീവൻമുക്തിയുടെയും ഗേറ്റ് ആണ്. രണ്ട് കണ്ണുകളിലൂ ടെയും ഇത് കാണപ്പെടണം. ഈ പഴയ ലോകം പോകുകയാണ് എന്ന് താങ്കളുടെ നയനങ്ങളും മസ്തകവും പറയണം.

വിനാശസമയത്തെ പരീക്ഷകളിൽ പാസാകണമെങ്കിൽ, സർവ്വ പരിതസ്ഥിതികളെയും നേരിടുന്നതിനു വേണ്ടി ലൈറ്റ്ഹൗസ് ആകേണ്ടി വരും. നടക്കുമ്പോഴും സഞ്ചരി ക്കുമ്പോഴുമെല്ലാം ഈ രൂപം അനുഭവപ്പെടണം. ഇത് അഭ്യസിക്കണം. ശരീരം തീർത്തും മറക്കണം. ഏതെങ്കിലും കാര്യം ചെയ്യണമെങ്കിൽ, നടക്കണമെങ്കിൽ, സംസാരിക്കണ മെങ്കിൽ, അതും നിമിത്ത ആകാരി ലൈറ്റ് രൂപം ധാരണം ചെയ്തുകൊണ്ട്. വേഷം അഭിനയിക്കുമ്പോൾ വസ്ത്രം ധരിക്കുന്നു, കാര്യം സമാപ്തമാകുമ്പോൾ വസ്ത്രം മാറുന്നു. അതുപോലെ ഒരു സെക്കന്റിൽ ധാരണം ചെയ്യുക, ഒരു സെക്കന്റിൽ വേറിടുക– ഈ അഭ്യാസം ഉറയ്ക്കുമ്പോൾ ഈ കർമ്മഭോഗങ്ങളും സമാപ്തമാകും, ഇഞ്ചക്ഷൻ കൊടുത്ത് വേദന ഇല്ലാതാക്കുന്നതു പോലെ. ഹഠയോഗികൾ ശരീരത്തിൽ നിന്നും വേറിടുന്നതിന്റെ അഭ്യാസം ചെയ്യിക്കുന്നു. അതുപോലെ സ്മൃതിസ്വരൂപത്തിന്റെ ഇഞ്ചക്ഷൻ എടുത്ത് ദേഹത്തിന്റെ സ്മൃതിയിൽ നിന്നും മറഞ്ഞുപോകണം. സ്വയവും തന്റെ ലൈറ്റ് സ്വരൂപം അനുഭവിക്കൂ, അപ്പോൾ മറ്റുള്ളവരും അതേ അനുഭവം നേടും. അന്തിമ സേവനം ഇതാണ്.

ആദ്യം മേള ഉണ്ടാകുമ്പോഴാണ് കർമ്മാതീതാവസ്ഥയും ഉണ്ടാകുന്നത്. ബാബയുടെ സംസ്കാരം, ബാബയുടെ ഗുണങ്ങൾ, ബാബയുടെ കർത്തവ്യത്തിന്റെ വേഗത, ബാബയുടെ അവ്യക്ത നിരാകാരി സ്ഥിതിയുടെ അവസ്ഥ– എല്ലാറ്റിലും സമാനതയുടെ മേള നടക്കും. ആത്മാക്കൾ ബാബയ്ക്ക് സമാനം എന്നതിന്റെ മേള ആഘോഷിക്കുമ്പോൾ ജയ-ജയ ഘോഷം ഉണ്ടാകും. വിനാശം സമീപം വരും. ബാബയുമായുള്ള സമാനത തന്നെയാണ് വിനാശത്തെ സമീപം കൊണ്ടുവരുന്നത്. മേള നടന്ന ശേഷം എന്തുണ്ടാകും? അതി ശാന്തി. അപ്പോൾ ആത്മാക്കളും മേള ആഘോഷിക്കും. പിന്നെ വാനപ്രസ്ഥ അവസ്ഥയിലേയ്ക്ക് പോകും. വാനപ്രസ്ഥ അവസ്ഥയെന്ന് പറയാം, അഥവാ കർമ്മാതീതാവസ്ഥ എന്ന് പറയാം, എന്നാൽ ആദ്യം മേളയാണ് ഉണ്ടാകുക.

## സഹനശീലമുള്ളവരുടെ ലക്ഷണങ്ങൾ

**ബി.കെ ജഗദീഷ്ചന്ദർ**

സഹനശീലമുള്ളവർ സന്തുഷ്ടമായി കാണപ്പെടും. അവരുടെ നയനങ്ങളിലും ഭാവങ്ങളിലും ഒരിക്കലും അസന്തുഷ്ടി ഉണ്ടാകില്ല. സന്തുഷ്ടമൂർത്തികൾക്കേ മറ്റുള്ളവരെയും സന്തുഷ്ടമാക്കുവാൻ കഴിയൂ. സഹനശീലമുള്ളവർ കർമ്മം ചെയ്യുമ്പോൾ ഫരിശ്ത ഭൂമിയിൽ നടക്കുകയും സഞ്ചരിക്കുകയുമാണ് എന്ന് തോന്നും. ഈയൊരു ഗുണം ധാരണം ചെയ്യുന്നതിലൂടെ അനേകം ശക്തികൾ പ്രാപ്തമാകുന്നു. അതിലൂടെ കർമ്മത്തിൽ സഫലതയും സിദ്ധിയും ലഭിക്കുന്നു. സാഗരത്തിന്റെ അടിത്തട്ടിലേയ്ക്ക് പോയി രത്നങ്ങൾ കണ്ടെത്തുന്നതുപോലെ സഹനശീലർ ഓരോ കാര്യത്തി ന്റെയും ആഴത്തിലേയ്ക്ക് പോകുന്നു. ആഴങ്ങളിൽ വളയെധികം ശക്തി ലഭിക്കുന്നു. സഹനശീലർക്കാണ് മനനശക്തി പ്രാപ്തമാകുന്നത്. മനനം ചെയ്യുന്ന വർക്കാണ് മഗ്നമാകാൻ കഴിയുന്നത്. സഹനശീല ത്തിലൂടെ ഈർഷ്യ, ദ്വേഷം, ക്രോധം, അഹങ്കാരം, തുടങ്ങിയ വികാരങ്ങൾ സമാപ്തമാകുന്നു. അന്തർമു ഖത്വം, വിനയം, ചഞ്ചലതയില്ലായ്മ തുടങ്ങി ധാരണകൾ സ്വതവേ വരുന്നു. സഹനശീലരുടെ മുഖം ഗുണമൂർത്തിയായി കാണപ്പെടും. ഹർഷിതമുഖരും, ലോകപ്രിയരുമാകും.

